"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം 2022-2023 Exposure visit to Lakshadweep പരിശീലന പരിപാടിയിൽ പരിശീലനാർത്ഥികളെ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.202/2023/F&P തീയതി,തിരുവനന്തപുരം, 04-03-2023

---

പരാമർശം:
1. 06.06.2022-ലെ സ.ഉ(സാധാ)നം. 340/2022/മതുവ
2. ഫിഷറീസ് ഡയറക്ടറുടെ 30.01.2023-ലെ DFTVM/1013/2022-K2-Part(1) നം. കത്ത്.

**ഉത്തരവ്**

2022-23 വർഷത്തേക്ക് വേണ്ടി വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം -ൽ ഉൾപ്പെടുത്തിയിരുന്ന പരിശീലന പരിപാടികൾ സാങ്കേതിക ബുദ്ധിമുട്ടുകൾ നിമിത്തം സംഘടിപ്പിക്കുവാൻ സാധിക്കാതെ വന്നിരിക്കുന്നതിനാലും, ഇതിലേക്കായി വകയിരുത്തിയിരുന്ന തുക ശേഷിക്കുന്നതിനാലും പരാമർശം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പരിശീലന പരിപാടിയിൽ മാറ്റം വരുത്തി പുതിയ പരിശീലന പരിപാടി നടത്തുന്നതിന് 6.10 ലക്ഷം രൂപ ചെലവഴിക്കുന്നതിനും Exposure visit to Lakshadweep എന്ന പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പട്ടികയ്ക്ക് അനുമതി നൽകുന്നതിനുമായി ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022-23 വർഷത്തേക്ക് വേണ്ടി വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചതും കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ സംഘടിപ്പിക്കാൻ കഴിയാതെ പോയതുമായ പരിശീലന പരിപാടികൾക്കു പകരമായി പുതുക്കി നിശ്ചയിച്ച പ്രകാരമുള്ള പരിശീലന പരിപാടിയ്ക്ക് (Table-1) അനുമതി നൽകി കൊണ്ടും, ഇതിലേക്കായി മുൻ പരിശീലന പരിപാടിക്കായി അനുവദിച്ച തുകയിൽ ശേഷിക്കുന്ന 6.10 ലക്ഷം രൂപ ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

**Table No. 1**

| Sl No. | Training Programme | No. of participants | Estimated Cost |
|---|---|---|---|
| 1 | Soft skill training to Senior Official | 15 | 124500 |
| 2 | Induction Training to Fisheries Extension Officers | 35 | 165500 |
| 3 | Training cum Exposure Visit to Ministerial Staff | 30 | 120000 |

| | | | |
|---|---|---|---|
| 4 | Exposure visit to Lakshadweep | 5 | 200000 |

(3) കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന്റെ ഭാഗമായി നടത്തുന്ന Exposure visit to Lakshadweep എന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് ചുവടെ ചേർക്കുന്നവർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

Table No. 2

| Sl No. | Name of Officers |
|---|---|
| 1 | Dr. Adeela Abdulla IAS, Director of Fisheries |
| 2 | Dr. Dinesan Cheruvat, Additional Director of Fisheries |
| 3 | Dr. Asha Augustine, Joint Director of Fisheries |
| 4 | Sri. Anilkumar S., Deputy Director of Fisheries |
| 5 | Dr. Neetha Susan David, Assistant Director of Fisheries (Project) |

(4) നിയമസഭ സമ്മേളനം നടന്നു വരുന്നതിനാലും, സാമ്പത്തിക വർഷാന്ത്യമായതിനാലും പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നത് കൊണ്ടുള്ള ഉദ്യോഗസ്ഥരുടെ അഭാവം വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
SREEDEVI I B
**അണ്ടർ സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഫിഷറീസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം,തിരുവനന്തപുരം
കരുതൽ ശേഖരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ